സിവിൽസപ്ലൈസ് കോർപ്പറേഷൻ ശ്രമിച്ചുവരുന്നു. അതിനുപുറമേ സിവിൽസപ്ലൈസ് കോർപ്പറേഷൻ സ്വന്തം നിലയിൽ കേരള കൺസ്യൂമർ ഫെഡറേഷൻ സൊസൈറ്റി എന്നൊരു സംഘടന ശ്രീമതി ലീലാദാമോദരമേനോൻ അദ്ധ്യക്ഷയായി, രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളെ എല്ലാവിധത്തിലുള്ള ചൂഷണങ്ങൾക്കുമെതിരെ ബോധവൽക്കരിക്കുക എന്നുള്ളതാണ് ലക്ഷ്യം. ഈ ലക്ഷ്യം മുൻനിറുത്തി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഉപഭോക്തൃ താൽപ്പര്യ സംരക്ഷണത്തിനായി കേന്ദ്രഗവണ്മെന്റ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഉപഭോക്തൃ സംരക്ഷണത്തിനാവശ്യമായ നിയമം പാർലമെന്റിൽ അവതരിപ്പിക്കുവാൻ കേന്ദ്രതലത്തിൽ ആവശ്യമായ നീക്കങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനതലത്തിൽ പ്രത്യേക നിയമനിർമ്മാണം നടത്തുന്നകാര്യം ഇക്കാര്യത്തിലുള്ള കേന്ദ്രനിയമം നിലവിൽവരുന്ന മുറയ്ക്ക് ആരംഭിക്കുന്നതായിരിക്കും ഉചിതമെന്ന് കരുതുന്ന സംസ്ഥാന ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ജലവൈദ്യുത പദ്ധതികളുടെ ക്രമക്കേടുകളെപ്പറ്റി അന്വേഷണം

*279 [419] ശ്രീ. വി. വി. ജോസഫ് :
,, ഇ. ജെ. ലൂക്കോസ് :
,, കോട്ടക്കുഴി സുകുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഏത്ര ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തിലെ ക്രമക്കേടുകളെപ്പറ്റി സർക്കാർ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ട് ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഇടമലയാർ പദ്ധതിയുടെ പവ്വർ ടണലിൽ ഉണ്ടായ ചോർച്ചയേയും, അതിനിടയാക്കിയ കാരണങ്ങളെയും പറ്റി അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ മി. ജസ്റ്റിസ് സുകുമാരനെ 1985 ഡിസംബർ 21-ാം തീയതിയിലെ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

കേരളത്തിലെ റയിൽവേ വികസനത്തിന് നീക്കിവച്ചിട്ടുള്ള സംഖ്യ

*280 [420] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലേക്കുള്ള കേന്ദ്ര റയിൽവേ ബഡ്ജറിൽ കേരളത്തിലെ റെയിൽവേ വികസനത്തിന് നീക്കിവച്ചിട്ടുള്ള സംഖ്യ എത്രയാണെന്നു പറയാമോ :

LIBRARY ARCHIVES Kerala Legislative Assembly